# ചെയ്യുന്നവന്റെയും ചെയ്യിക്കുന്നവന്റെയും സ്മൃതിയിലൂടെ കർമാതീതസ്ഥിതിയുടെ അനുഭവം

ഇന്ന് മംഗളകാരി ബാബയുടെ തന്റെ സാഥി മംഗളകാരി കുട്ടികളെ കാണുകയാണ്. എല്ലാ കുട്ടികളും വളരെ ലഹരിയോടെ സ്നേഹത്തോടെ വിശ്വമംഗളത്തിന്റെ കാര്യം ചെയ്യുന്നതിൽ മുഴുകിയിരിക്കുന്നു. ഇങ്ങനെയുള്ള കൂട്ടുകാരെ കണ്ട് ബാപ്ദാദ സദാ ആഹാ സാഥി കുട്ടികളേ ആഹാ! ഈ ഗീതം പാടിക്കൊണ്ടിരിക്കുകയാണ്. താങ്കളെല്ലാവരും ആഹാ ആഹാ ഗീതം പാടിക്കൊണ്ടിരിക്കുകയല്ലേ? ഇന്ന് ബാപ്ദാദ നാനാഭാഗത്തെയും സേവനത്തിന്റെ ഗതി കണ്ടു. ഒപ്പം പുരുഷാർഥത്തിന്റെയും ഗതി കണ്ടു. അപ്പോൾ സേവനവും സ്വപുരുഷാർഥവും രണ്ടിന്റെയും ഗതിയിൽ എന്തു കണ്ടിട്ടുണ്ടാവും? താങ്കൾക്കറിയാമോ? സേവനത്തിന്റെ ഗതി തീവ്രമാണോ അതോ സ്വപുരുഷാർഥത്തിന്റെ ഗതി തീവ്രമാണോ? ഏതാണ്? രണ്ടിന്റെയും ബാലൻസ് ഉണ്ടോ? ഇല്ലേ? അപ്പോൾ വിശ്വപരിപർത്തനത്തിന് ആത്മാക്കളുടെയും പ്രകൃതിയും ആശീർവാദം എപ്പോൾ ലഭിക്കും? എന്തെന്നാൽ ബാലൻസിലൂടെയാണ് താങ്കളേവർക്കും ലഭിച്ച ആശീർവാദം മറ്റുള്ളവർക്കും ലഭിക്കുക. അപ്പോൾ വ്യത്യാസം എന്താണ്? പറയുന്നതെന്താണ്? കർമയോഗിയോ വെറും യോഗിയോ? കർമയോഗിയല്ലേ! പക്കയല്ലേ? അപ്പോൾ സേവനവും കർമമല്ലേ! കർമത്തിലേക്ക് വരുന്നത്, സംസാരിക്കുന്നത്, അല്ലെങ്കിൽ ദൃഷ്ടി നൽകുന്നത്, കോഴ്സെടുക്കുന്നത്, മ്യൂസിയത്തിൽ മനസിലാക്കിക്കൊടുക്കുന്നത്- ഇവയെല്ലാം ശ്രേഷ്ഠകർമം അതായത് സേവനമാണ്. അപ്പോൾ കർമയോഗി അർഥം കർമത്തിന്റെ സമയത്തും യോഗത്തിന്റെ സന്തുലനം. എന്നാൽ താങ്കൾ സ്വയം തന്നെ പറഞ്ഞുകൊണ്ടിരിക്കുന്നു സന്തുലനം കുറഞ്ഞുപോകുന്നു. ഇതിന്റെ കാരണമെന്താണ്? നല്ല രീതിയിൽ അറിയുകയും ചെയ്യാം, പുതിയ കാര്യമല്ല. വളരെ പഴയ കാര്യമാണ്. ബാപ്ദാദ കണ്ടു സേവനം അതായത് കർമവും സ്വപുരുഷാർഥം അതായത് യോഗയുക്തം. അപ്പോൾ രണ്ടിന്റെയും ബാലൻസ് വെക്കുന്നതിനായി വിശേഷിച്ച് ഒരേ വാക്ക് ഓർമിക്കൂ- അത് ഏതാണ്? ബാബ ചെയ്യിക്കുന്നയാളാണ്, ഞാൻ ആത്മാവ് (ഞാൻ ഇന്നയാളല്ല), ആത്മാവ് ചെയ്യുന്നയാളാണ്. അപ്പോൾ ചെയ്യുന്നവനും ചെയ്യിക്കുന്നവനും- ഈ ഒരു വാക്ക് താങ്കളുടെ സന്തുലനം വളരെ സഹജമാക്കും. സ്വപുരുഷാർഥത്തിന്റെ ബാലൻസ് അഥവാ ഗതി എപ്പോഴെങ്കിലും കുറയുന്നുവെങ്കിൽ, അതിന്റെ കാരണമെന്താണ്? ചെയ്യുന്നയാൾക്കു പകരം ഞാൻ തന്നെ ചെയ്യേണ്ടവൾ അഥവാ ചെയ്യേണ്ടവൻ, ചെയ്യുന്നയാൾക്കു പകരം സ്വയം ചെയ്യിക്കുന്നയാളായി മനസിലാക്കുന്നു. ഞാൻ ചെയ്തുകൊണ്ടിരിക്കുന്നു, ഏത് എന്ത് പ്രകാരത്തിലെ മായ വരികയാണെങ്കിലും അതിന്റെ ഗേറ്റ് ഏതാണ്? മായയുടെ ഏറ്റവും നല്ല സഹജമായ ഗേറ്റ് അറിയാം- ഞാൻ. അപ്പോൾ ഈ ഗേറ്റ് ഇപ്പോൾ പൂർണമായും അടഞ്ഞിട്ടില്ല. ഇങ്ങനെ അടയ്ക്കുന്നു മായ സഹജമായും തുറക്കുകയും വരികയും ചെയ്യുന്ന തരത്തിൽ. അഥവാ ചെയ്യുന്നയാൾ എങ്കിൽ ചെയ്യിക്കുന്നയാളെ അവശ്യം ഓർമയുണ്ടാകും. ചെയ്തുകൊണ്ടിരിക്കുകയാണ്, എന്നാൽ ചെയ്യിക്കുന്നയാൾ ബാബയാണ്. ചെയ്യിക്കുന്നയാളില്ലാതെ ചെയ്യുന്നയാളാകാൻ കഴിയില്ല. ഡബിൾ രൂപത്തിൽ ചെയ്യിക്കുന്നയാളുടെ സ്മൃതി വേണം. ഒന്ന് ബാബ ചെയ്യിക്കുന്നയാളാണ്, രണ്ടാമത് ഞാൻ ആത്മാവും ഈ കർമേന്ദ്രിയങ്ങളിലൂടെ കർമം ചെയ്യിക്കുന്നയാളാണ്. ഇതിലൂടെ എന്തുണ്ടാകും- കർമം ചെയ്തുകൊണ്ടും കർമത്തിന്റെ നല്ലതോ ചീത്തയോ ആയ പ്രഭാവത്തിൽ വരികയില്ല. ഇതിനെയാണ് പറയുന്നത്- കർമാതീതഅവസ്ഥ.

താങ്കളേവരുടെയും ലക്ഷ്യമെന്താണ്? കർമാതീതമാകേണ്ടേ? അതോ അൽപാൽപം കർമബന്ധനമുണ്ടായാൽ കുഴപ്പമൊന്നുമില്ല? ഉണ്ടാകാൻ പാടുണ്ടോ അതോ ഉണ്ടാകാൻ പാടില്ലേ? കർമാതീതമാകേണ്ടേ? ബാബയോടുള്ള സ്നേഹത്തിന്റെ ലക്ഷണമാണ്- കർമാതീതമാകുക. അപ്പോൾ ചെയ്യിക്കുന്നയാളായി കർമം ചെയ്യൂ, ചെയ്യിക്കൂ, കർമേന്ദ്രിയങ്ങൾ താങ്കളെക്കൊണ്ട് ചെയ്യിക്കുകയല്ല, എന്നാൽ താങ്കൾ കർമേന്ദ്രിയങ്ങളെക്കൊണ്ട് ചെയ്യിക്കുക. തീർത്തും അവനവനെ വേറിട്ടതായി കരുതി കർമം ചെയ്യിക്കുക- ഈ കോൺഷ്യസ്നെസ് എമർജ് രൂപത്തിൽ ഉണ്ടാകട്ടെ. മർജ് രൂപത്തിലല്ല. മർജ് രൂപത്തിൽ ഒരിക്കലും ചെയ്യിക്കുന്നയാൾക്കു പകരം കർമേന്ദ്രിയങ്ങൾക്കു അതായത് മനസിന്, ബുദ്ധിക്ക്, സംസ്കാരത്തിന് വശപ്പെടുന്നു. കാരണം? ചെയ്യിക്കുന്നയാളായ ആത്മാവാണ്. ഈ സ്മൃതി അധികാരിയുടെ സ്മൃതി തരുന്നു. ഇല്ലെങ്കിൽ മനസ് ഇടയ്ക്ക് താങ്കളെ നടത്തുന്നു, ഇടയ്ക്ക് താങ്കൾ മനസിനെ നടത്തുന്നു, അതിനാൽ സദാ സ്വാഭാവികമായ മൻമനാഭവ സ്ഥിതി ഉണ്ടാകുന്നില്ല. ഞാൻ തീർത്തും വേറിട്ടതാണ്, വെറും വേറിട്ടതല്ല എന്നാൽ അധികാരിയാണ്, ബാബയെ ഓർമിക്കുന്നതിലൂടെ ഞാൻ ബാലകനാണ്, , ഞാൻ ആത്മാവ് ചെയ്യിക്കുന്നയാളാണ് അതിനാൽ അധികാരിയാണ്. ഇപ്പോൾ ഈ അഭ്യാസത്തിൽ ശ്രദ്ധയുടെ കുറവുണ്ട്. സേവനത്തിൽ വളരെ നല്ലതായി തോന്നുന്നു, എന്നാൽ ലക്ഷ്യമെന്താണ്? സേവാധാരിയാകുന്നതിന്റെയോ കർമാതീതമാകുന്നതിന്റെയോ? അതോ രണ്ടും ഒപ്പമൊപ്പമാകുമോ? ഈ അഭ്യാസം പക്കയാണോ? ഇപ്പോ

ഴിപ്പോൾ അൽപസമയത്തേക്ക് ഈ അഭ്യാസം ചെയ്യാനാകുമോ? വേറെയാകാൻ സാധിക്കുമോ? അതോ ഇങ്ങനെ അറ്റാച്ചായിരിക്കുന്നുവോ, ഡിറ്റാച്ചാകാൻ സമയമെടുക്കുന്ന തരത്തിൽ? എത്ര സമയത്തേക്ക് വേറിടാൻ സാധിക്കുമോ? 5 മിനിറ്റു വേണമോ, 1 മിനിറ്റ് വെണമോ അതോ ഒരു സെക്കന്റ് വേണമോ? ഒരു സെക്കന്റിൽ സാധിക്കുമോ?

പാണ്ഡവർക്ക് ഒരു സെക്കന്റിൽ തീർത്തും വേറിടാൻ സാധിക്കുമോ? ആത്മാവ് വേറിട്ട അധികാരിയും കർമേന്ദ്രിയങ്ങൾ കർമചാരി വേറെയും, ഈ അഭ്യാസം എപ്പോൾ വേണമോ അപ്പോൾ ഉണ്ടാകണം. ശരി ഇപ്പോഴിപ്പോൾ ഒരു സെക്കന്റിൽ വേറിട്ടതും ബാബയുടെ സ്നേഹിയുമാകൂ, ശക്തിശാലി അഭ്യാസം ചെയ്യൂ ഞാൻ വേറിട്ടതു തന്നെയാണ്. ഈ കർമേന്ദ്രിയങ്ങൾ ഞങ്ങളുടെ സാഥിയാണ്, കർമത്തിന്റെ സാഥിയാണ്, എന്നാൽ ഞാൻ വേറിട്ടതും സ്നേഹിയുമാണ്. ഇപ്പോൾ ഒരു സെക്കന്റിൽ ഈ അഭ്യാസം ചെയ്യൂ.(ഡ്രിൽ)സഹജമായി തോന്നുന്നുവോ അതോ ബുദ്ധിമുട്ടാണോ? സഹജമാണെങ്കിൽ മുഴുവൻ ദിവസത്തിൽ കർമത്തിന്റെ സമയത്ത് ഈ സ്മൃതി എമർജ് ചെയ്യൂ, അപ്പോൾ കർമാതീതസ്ഥിതിയുടെ അനുഭവം സഹജമായി ചെയ്യും. എന്തെന്നാൽ സേവനം അഥവാ കർമത്തെ വെടിയാനാകുമോ? വിട്ടുകളയുമോ? ചെയ്യുക തന്നെ വേണം. തപസ്യയിലിരിക്കുക ഇതും കർമമാണ്. അപ്പോൾ കർമം കൂടാതെ അല്ലെങ്കിൽ സേവനം കൂടാതെ കഴിയാനാവില്ല. കഴിയേണ്ടതുമില്ല എന്തെന്നാൽ സമയം കുറവാണ് സേവനം ഇനിയും വളരെയാണ്. സേവനത്തിന്റെ രൂപരേഖ മാറിയിരിക്കുന്നു. എന്നാൽ ഇപ്പോഴും പല ആത്മാക്കൾക്കും പരാതിയുണ്ട്, അതിനാൽ സേവനവും സ്വപുരുഷാർഥവും– രണ്ടിന്റെയും ബാലൻസ് വെക്കൂ. ഇങ്ങനെയല്ല, സേവനത്തിൽ വളരെ ബിസിയായിരുന്നില്ലേ അതിനാൽ സ്വപുരുഷാർഥം കുറഞ്ഞുപോയി. ഇല്ല. ഇനിയും സേവനത്തിൽ സ്വപുരുഷാർഥത്തിൻരെ ശ്രദ്ധ കൂടുതൽ വേണം. എന്തെന്നാൽ മായയ്ക്ക് വരാനുള്ള മാർജിൻ സേവനത്തിൽ വളരെ പ്രകാരത്തിലുണ്ടാകുന്നു. പേര് സേവനം, എന്നാൽ സംഭവിക്കുന്നത് സ്വാർഥത. സ്വയം മുന്നേറണം എന്നാൽ മുന്നേറിക്കൊണ്ടും ബാലൻസ് മറക്കരുത്. എന്തെന്നാൽ സേവനത്തിൽ തന്നെയാണ് സ്വഭാവം, സംബന്ധത്തിന്റെ വിസ്താരമുണ്ടാകുന്നത്. മായ അവസരവുമെടുക്കുന്നു. അൽപം ബാലൻസ് കുറഞ്ഞു, മായ പുതിയ പുതിയ രൂപം ധാരണ ചെയ്യുന്നു, പഴയ രൂപത്തിൽ വരികയില്ല. പുതിയ പുതിയ രൂപത്തിൽ, പുതിയ പുതിയ പരിതസ്ഥിതിയുടെ രൂപത്തിൽ, സമ്പർക്കത്തിന്റെ രൂപത്തിൽ വരുന്നു. അപ്പോൾ വേറെയായി സേവനം വിട്ട് അഥവാ ബാപ്ദാദയെ ഇരുത്തി, ഒരു മാസം ഇരുത്തി, 15 ദിവസം ഇരുത്തി എങ്കിൽ കർമാതീതമാകുമോ? ഒരു മാസം നൽകൂ ഒന്നും ചെയ്യാതിരിക്കൂ, ഇരുന്നോളൂ, തപസ്യ ചെയ്യൂ, ഭക്ഷണവും ഒരിക്കൽ ഉണ്ടാക്കൂ അത്ര മാത്രം. പിന്നീട് കർമാതീതമാകുമോ? ആകുകയില്ലേ?

അഥവാ ബാലൻസിന്റെ അഭ്യാസമില്ലെങ്കിൽ എത്ര തന്നെയായാലും ഒരു മാസമായാലും രണ്ടു മാസമിരുന്നാലും മനസ് ഇരിക്കുകയില്ല, ശരീരം ഇരിക്കും. ഇരുത്തേണ്ടത് മനസിനെയാണ്, വെറും ശരീരത്തെയല്ല. ശരീരത്തിനൊപ്പം മനസിനെയും ഇരുത്തണം, ഇരിക്കണം ബാബയും ഞാനും മാത്രം, രണ്ടാമതൊരാളില്ല. പ്പോൾ ഒരു മാസം ഇങ്ങനെ തപസ്യ ചെയ്യാൻ സാധിക്കുമോ അതോ സേവനം ഓർമ വരുമോ? ബാപ്ദാദ അഥവാ ഡ്രാമ കാണിച്ചുകൊണ്ടിരിക്കുന്നു, ദിനം പ്രതി ദിനം സേവനം വർധിക്കുക തന്നെ വേണം. അപ്പോൾ എങ്ങനെ ഇരിക്കാൻ കഴിയും? ഒരു വർഷം മുമ്പത്തെ താങ്കളുടെ സേവനം, ഈ വർഷം സേവനം ചെയ്തപ്പോൾ വർധിച്ചുവോ അതോ കുറഞ്ഞുവോ? വർധിച്ചില്ലേ! ആഗ്രഹിക്കാതെ തന്നെ സേവനത്തിന്റെ ബന്ധനത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു, എന്നാൽ ബാലൻസിലൂടെ സേവനത്തിന്റെ ബന്ധനം ബന്ധനമല്ല, സംബന്ധമാകും. ലൗകികസംബന്ധത്തിൽ മനസിലാക്കുന്നു– ഒന്ന് കർമബന്ധനം, ഒന്ന് സേവനത്തിന്റെ സംബന്ധം. അപ്പോൾ ബന്ധനത്തിൻരെ അനുഭവമുണ്ടാകുകയില്ല, സേവനത്തിന്റെ മധുരസംബന്ധമാണ്. അപ്പോൾ എന്തേ ശ്രദ്ധ വെക്കുമോ? സേവനവും സ്വപുരുഷാർഥത്തിന്റെയും ബാലൻസ്. സേവനത്തിന്റെ അതിയിൽ പോകാതിരിക്കൂ. എനിക്കു തന്നെ ചെയ്യണം, എനിക്കേ ചെയ്യാനാവൂ, അരുത്. ചെയ്യിക്കുന്നയാൾ ചെയ്യിക്കുകയാണ്. ഞാൻ നിമിത്തമായി ചെയ്യുന്നയാളാണ്. അപ്പോൾ ഉത്തരവാദിത്തമുണ്ടായിട്ടും ക്ഷീണം കുറവാകും. പല കുട്ടികളും പറയുന്നു– ഒരുപാട് സേവനം ചെയ്തില്ലേ അതിനാൽ ക്ഷീണിച്ചു, തല ഭാരിച്ചിരിക്കുന്നു. അപ്പോൾ തലയ്ക്കു ഭാരമുണ്ടാകുകയില്ല. അപ്പോഴും ചെയ്യിക്കുന്ന ബാബ വളരെ നന്നായി തടവിത്തരും. തല ഒന്നുകൂടെ ഉണർവുള്ളതാകും. ക്ഷീണമുണ്ടാകുകയില്ല, ഊർജം അധികം വരും. സയൻസിന്റെയും മരുന്നുകളിലൂടെ ശരീരത്തിൽ ഊർജം വരും എങ്കിൽ, എന്താ ബാബയുടെ ഓർമയിലൂടെ ഊർജം വരികയില്ലേ? ആത്മാവിൽ ഊർജം വന്നുവെങ്കിൽ ശരീരത്തിൽ താനേ പ്രഭാവം വരും. അനുഭവികളുമാണ്, ഇടയ്ക്കെല്ലാം അനുഭവമുണ്ടാകുന്നു. പിന്നെ പോകെപ്പോകെ ലൈൻ മാറിക്കൊണ്ടിരിക്കുന്നു. അറിയുന്നതേയില്ല. ആരെങ്കിലും ഉദാസീനം, ക്ഷീണിതം, ഭാരിച്ചവർ ആകുകയാണെങ്കിൽ പിന്നീട് ബഹളം വരുന്നു– എന്തു സംഭവിച്ചു, എന്തുകൊണ്ട് സംഭവിച്ചു, എന്നാൽ വെറും ഒരു വാക്ക് ചെയ്യുന്നയാൾ, ചെയ്യിക്കുന്നയാൾ– ഓർമിക്കൂ, ബുദ്ധിമുട്ടാണോ എളുപ്പമാണോ? പറയൂ ഹാംജി, ശരി.

ഇപ്പോൾ 9 ലക്ഷം പ്രജയെ ഉണ്ടാക്കിയോ? വിദേശത്ത് എത്ര ഉണ്ടാക്കിയിട്ടുണ്ട്? 9 ലക്ഷം ഉണ്ടാക്കിയോ? ഭാരതത്തിൽ ഉണ്ടാക്കിയോ? ഉണ്ടാക്കിയിട്ടില്ല. അപ്പോൾ താങ്കൾ തന്നെ സമാപ്തിയുടെ കാണ്ഡത്തെ മുന്നേറാൻ അനുവദിക്കുന്നില്ലേ. ബാലൻസ് വെക്കൂ, ഡയമണ്ട് ജൂബിലിയല്ലേ അപ്പോൾ നിറയെ സേവനം ചെയ്യൂ എന്നാൽ ബാലൻസ് വെച്ച് സേവനം ചെയ്യൂ എങ്കിൽ പ്രജ പെട്ടെന്ന് ഉണ്ടാകും. സമയമെടുക്കില്ല. പ്രകൃതിയും വളരെ ക്ഷീണിച്ചിരിക്കുകയാണ്, ആത്മാക്കളും നിരാശരായിരിക്കുന്നു. നിരാശരാകുമ്പോൾ ആരെയാണ് ഓർമിക്കുന്നത്? ഭഗവാൻ, ബാബയെ ഓർമിക്കുന്നു, എന്നാൽ ബാബയുടെ പൂർണ പരിചയം ഇല്ലാത്ത കാരണത്താൽ താങ്കൾ ദേവീദേവതമാരെ കൂടുതൽ ഓർമിക്കുന്നു. അപ്പോൾ നിരാശരായ ആത്മാക്കളുടെ വിളികൾ താങ്കൾക്ക് കേൾക്കാനാവുന്നില്ലേ? വരുന്നുണ്ടോ അതോ തന്നിൽ തന്നെ മുഴുകിയിരിക്കുകയാണോ? ദയാമനസ്കരല്ലേ? ബാബയോടും എന്താണ് വിളിക്കുന്നത്? ദയ നിറഞ്ഞവൻ. എല്ലാ ധർമത്തിലുള്ളവരും ദയ തീർച്ചയായും യാചിക്കുന്നുണ്ട്, സുഖം യാചിക്കുന്നില്ല, എന്നാൽ ദയ തീർച്ചയായും യാചിക്കും. അപ്പോൾ ആരാണ് നൽകുന്നവർ. താങ്കൾ നൽകുന്നവരല്ലേ? അതോ എടുക്കുന്നവരോ? എടുത്തിട്ട് നൽകുന്നവർ. ദാതാവിന്റെ മക്കളല്ലേ! അപ്പോൾ തന്റെ സഹോദരീസഹോദരൻമാരുടെ മേൽ ദയാഹൃദയരാകൂ. ദയാഹൃദയരായി സേവനം ചെയ്യുകയാണെങ്കിൽ അതിൽ നിമിത്തഭാവം സ്വതവേ വരും. എത്ര തന്നെ മോശമായാലും ആരോടും താങ്കൾക്ക് ആ ആത്മാവിനെ പ്രതി ദയയുണ്ടെങ്കിൽ താങ്കൾക്ക് അവരെ പ്രതി ഒരിക്കലും വെറുപ്പോ അസൂയയോ ക്രോധത്തിന്റെ ഭാവനയോ വരികയില്ല. ദയയുടെ ഭാവന സഹജമായി നിമിത്തഭാവം എമർജ് ചെയ്യുന്നു. സ്വാർഥതയുടെ ദയയല്ല, സത്യമായ ദയ. സത്യമായ ദയയിൽ ഒരു ആകർഷണവുമില്ല, ഒരു ദേഹബോധവുമില്ല, ആത്മാവ് ആത്മാവിനോട് ദയ കാണിക്കുകയാണ്. ദേഹാഭിമാനമോ ദേഹത്തിന്റെ ഒരു ആകർഷണത്തിന്റയോ പേരടയാളമില്ല. ചിലരുടെ ആകർഷണം ശരീരത്തോടാണ്, ചിലരുടെ ആകർഷണം ഗുണങ്ങളോടാണ്, വിശേഷതകളോടും ഉണ്ടാകുന്നു. എന്നാൽ വിശേഷതയോ ഗുണമോ നൽകുന്നയാൾ ആരാണ്? ആത്മാവ് പിന്നെയും എത്ര വലുതാകട്ടെ എന്നാൽ ബാബയോട് ലേവത(എടുക്കുന്നയാൾ)യാണ്. തന്റേതല്ല, ബാബ നൽകിയതാണ്. അപ്പോൾ എന്തേ നേരിട്ട് ദാതാവിനോട് ആയിക്കൂടാ. അതിനാൽ എവിടെയും സ്വാർഥതയുടെ ദയയരുത്. പല കുട്ടികളും ഇങ്ങനെ അഭിമാനകോപം കാണിക്കുന്നു, ഉള്ളത് സ്വാർഥതയായിരിക്കും പറയും എനിക്ക് ദയ തോന്നുന്നു. മറ്റൊന്നുമില്ല, വെറും ദയയാണ്. എന്നാൽ പരിശോധിക്കൂ– നിസ്വാർഥ ദയയാണോ? ആകർഷണമുക്തദയയാണോ? എന്തെങ്കിലും അൽപകാല പ്രാപ്തിക്കു വേണ്ടിയുള്ള ദയയല്ലല്ലോ? പിന്നീട് പറയും വളരെ നല്ലവളല്ലേ, വളരെ നല്ലയാളല്ലേ, അതുകൊണ്ട് കുറച്ച്... കുറച്ച് എന്നതിന് അനുവാദമില്ല. കർമാതീതമാകണമെങ്കിൽ ഇതെല്ലാം തടസങ്ങളാണ്– ശരീരബോധത്തിലേക്ക് കൊണ്ടുപോകുന്നവ. നല്ലതാണ്, എന്നാൽ ആക്കുന്നയാളാരാണ്? നല്ലതിനെ ധാരണ ചെയ്തോളൂ എന്നാൽ നല്ലതിൽ പ്രഭാവിതമാകരുത്. വേറിട്ടതും ബാബയ്ക്ക് പ്രിയപ്പെട്ടതും. ആരാണോ ബാബയ്ക്ക് പ്രിയപ്പെട്ടവർ അവർ സദാ സുരക്ഷിതരാണ്. മനസിലായോ!

അഥവാ സേവനത്തെ വർധിപ്പിക്കുന്നു വർധിപ്പിക്കുക തന്നെ വേണം എങ്കിൽ സ്ഥാപനയെയും സമീപം കൊണ്ടു വരണമോ വേണ്ടയോ? ആര് കൊണ്ടുവരും? ബാബ കൊണ്ടുവരുമോ? എല്ലാവരും കൊണ്ടുവരും. സാഥിയല്ലേ! ഒറ്റയ്ക്ക് ബാബയ്ക്കും ഒന്നും ചെയ്യാൻ കഴിയില്ല, താങ്കൾ സാഥി കുട്ടികളെ കൂടാതെ. നോക്കൂ ബാബയെ അഥവാ മനസിലാക്കിത്തരണമെങ്കിൽ കൂടി ശരീരത്തിന്റെ കൂട്ട് എടുക്കണം. ശരീരമില്ലാതെ സംസാരിക്കാനാകുമോ? പഴയ വണ്ടിയാകട്ടെ നല്ലതാകട്ടെ എന്നാൽ ആധാരമെടുക്കേണ്ടി വരുന്നു. ആധാരമില്ലാതെ ചെയ്യാൻ സാധിക്കില്ല. ബ്രഹ്മാബാബയുടെ കൂട്ട് എടുത്തില്ലേ, അപ്പോഴാണ് താങ്കൾ ബ്രാഹ്മണരായത്. ബ്രഹ്മാകുമാരനെന്നു പറയുന്നു, ശിവകുമാരനെന്നു പറയുന്നില്ല എന്തുകൊണ്ടെന്നാൽ നിരാകാര ബാബയ്ക്കും സാകാരആധാരമെടുക്കണം. സാകാരബ്രഹ്മാവിന്റെ ആധാരമെടുത്ത പോലെ, ഇപ്പോഴും ബ്രഹ്മാവിന്റെ അവ്യക്തമാലാഖയുടെ രൂപത്തിൽ ആധാരമെടുക്കാതെ താങ്കളുടെ പാലന ചെയ്യാനാവില്ല. സാകാരത്തിൽ എടുത്താലും ആകാരരൂപത്തിൽ എടുത്താലും ആത്മാവിന്റെ ആധാരം കൂട്ട് എടുക്കുക തന്നെ വേണമല്ലോ. ആൾമൈറ്റി അതോറിറ്റിയാണ് എങ്കിലും വിനാശിയായ കളി മായാജാലക്കാർക്ക് സെക്കന്റിൽ ചെയ്യാനാകുന്ന പോലെ, ആൾമൈറ്റി അതോറിറ്റിക്ക് എന്താഗ്രഹിക്കുന്നുവോ അത് സെക്കന്റിൽ ചെയ്യാനാകില്ലേ? ചെയ്യാനാകുമോ? ഇപ്പോഴിപ്പോൾ വിനാശത്തെ മുന്നിലേക്ക് കൊണ്ടുവരാനാകുമോ? ഒറ്റയ്ക്ക് കൊണ്ടുവരാനാകുമോ? ഒറ്റയ്ക്ക് ചെയ്യാനാകില്ല. ആൾമൈറ്റി അതോറിറ്റിയാണെങ്കിലും താങ്കൾ കൂട്ടുകാരുടെ സംബന്ധത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. അപ്പോൾ ബാബയ്ക്ക് താങ്കളോട് എത്ര സ്നേഹമാണ്. ചെയ്യാനാകുമെങ്കിലും ചെയ്യാൻ കഴിയില്ല. എന്താ മാന്ത്രികവടിയെടുത്ത് കറക്കിക്കൂടേ? എന്നാൽ ബാബ പറയുന്നു രാജ്യഅധികാരി ആരാകും? ബാബ ആകുമോ? താങ്കൾ ആകും. സ്ഥാപന ചെയ്തോളൂ. , വിനാശവും ചെയ്തോളൂ എന്നാൽ രാജ്യം ആര് ഭരിക്കും? താങ്കളെക്കൂടാതെ കാര്യം നടക്കുമോ? അതിനാൽ ബാബയ്ക്ക് താങ്കളെ ഏവരെയും കർമാതീതമാക്കുക തന്നെ വേണം. ആകുക തന്നെ വേണമല്ലോ, അതോ ബാബ നിർബന്ധപൂർവം ആക്കണോ? ബാബയ്ക്ക് ആക്കണോ

അതോ താങ്കൾക്ക് ഏവർക്കും ആകുക തന്നെ വേണമോ. ഇതാണ് മധുരമായ ഡ്രാമ. ഡ്രാമ നല്ലതായി തോന്നുന്നില്ലേ, അതോ ഇടയ്ക്കിടെ അസ്വസ്ഥമാകുന്നുവോ, ഇതെന്താണ് ഉണ്ടാക്കിയിരിക്കുന്നത്, ഇത് മാറേണ്ടതാണ്– ചിന്തിക്കാറുണ്ടോ? ബാബയും പറയുന്നു– ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയാണ് , ഇത് മാറുക സാധ്യമല്ല. ആവർത്തിക്കണം, എന്നാൽ മാറുക സാധ്യമല്ല. ഡ്രാമയിൽ ഇത് താങ്കളുടെ അന്തിമ ജന്മത്തെ ശക്തികളാണ്. ഡ്രാമയാണ്, എന്നാൽ ഡ്രാമയിൽ ഈ ശ്രേഷ്ഠ ബ്രാഹ്മണജന്മത്തിൽ വളരെ ശക്തികൾ ലഭിച്ചിട്ടുണ്ട്. ബാബ വിൽ ചെയ്തതാണ് അതിനാൽ വിൽപവർ ഉണ്ട്. അപ്പോൾ ഏതു വാക്ക് ഓർമിക്കും? ചെയ്യുന്നവനും ചെയ്യിക്കുന്നവനും. പക്കയോ അതോ പദ്ധതിയിലേക്ക് പോകെപ്പോകെ മറക്കുമോ? മറക്കരുത്.
ഇപ്പോൾ വീണ്ടും സ്വയം ശരീരത്തിന്റെ ബന്ധനത്തിൽ നിന്നും വേറിട്ട് കർമാതീത സ്റ്റേജിൽ , കർമം ചെയ്തുകൊണ്ടിരിക്കുന്നു എന്നാൽ വേറിട്ട്, കണ്ടുകൊണ്ടിരിക്കുന്നു എന്നാൽ വേറിട്ട് കണ്ടുകൊണ്ടിരിക്കുന്നു, സംസാരിച്ചുകൊണ്ടിരിക്കുന്നു എന്നാൽ വേറിട്ട് അധികാരിയായി, ബാബയിലൂടെ നിമിത്തആത്മാവാണ്, ഈ സ്മൃതിയിൽ വീണ്ടും മനസിനെയും ബുദ്ധിയെയും സ്ഥിതി ചെയ്യിക്കൂ (ഡ്രിൽ). ശരി.

നാനാഭാഗത്തെയും സദാ സേവനത്തിന്റെ ഉണർവുത്സാഹത്തിൽ കഴിയുന്ന സേവാധാരി ആത്മാക്കൾ, സദാ സ്വപുരുഷാർഥവും സേവനവും രണ്ടിന്റെയും ബാലൻസ് വെക്കുന്ന ബ്ലിസ്ഫുൾ ആത്മാക്കൾ, സദാ നിസ്വാർഥ ദയാമനസ്കരായി സർവാത്മാക്കളെയും പ്രതി സത്യമായ ദയ വെക്കുന്ന വിശേഷ ആത്മാക്കൾ, സദാ സെക്കന്റിൽ സ്വയത്തെ കർമബന്ധനം അഥവാ അനേക റോയൽ ബന്ധനങ്ങളിൽ നിന്ന് മുക്തമാക്കുന്ന തീവ്രപുരുഷാർഥിആത്മാക്കൾക്ക് ബാപ്ദാദയുടെ സ്നേഹസ്മരണയും നമസ്തേയും.

## വരദാനം: ആജ്ഞാകാരിയായി ബാബയുടെ സഹായം അഥവാ ആശീർവാദങ്ങളുടെ അനുഭവം ചെയ്യുന്ന സഫലതാമൂർത്തിയായി ഭവിക്കട്ടെ

ബാബയുടെ ആജ്ഞയാണ്– എന്നെ ഒരാളെ ഓർമിക്കൂ. ഒരു ബാബയാണ് ലോകം അതിനാൽ ഹൃദയത്തിൽ ബാബയല്ലാതെ ഒന്നും തന്നെ ചേർക്കരുത്. ഒരു മതം, ഒരു ബലം, ഒരു വിശ്വാസം..... എവിടെ ആ ഒന്ന് ഉണ്ടോ അവിടെ ഓരോ കാര്യത്തിലും സഫലതയാണ്. അതിനു വേണ്ടി ഒരു പരിതസ്ഥിതിയെയും മറികടക്കുക സഹജമാണ്. ആജ്ഞ പാലിക്കുന്ന കുട്ടികൾക്ക് ബാബയുടെ ആശീർവാദം ലഭിക്കുന്നു അതിനാൽ ബുദ്ധിമുട്ടും സഹജമായി മാറുന്നു.

## സ്ലോഗൻ: പുതിയ ബ്രാഹ്മണജീവിതത്തിന്റെ സ്മൃതിയിൽ കഴിയൂ എങ്കിൽ ഒരു പഴയ സംസ്കാരവും എമർജാകുകയില്ല.